(സി) പൊതുനിരത്തുകൾ ഇവിടെ ആവശ്യമാണോ എന്നെങ്കിലും അന്വേഷിക്കുവാൻ ഗവണ്മെണ്ടു തയ്യാറാകുമോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ :

(എ) ഇല്ല.
(ബി) ഇല്ല.
(സി) അന്വേഷിക്കാം.

Questions posted for answer on 9th December 1949

തൃക്കൂർ പുഴയിലെ ചിറ

൨൦൩. (൧൩) ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തൃക്കൂർ പുഴയിൽ കഴിഞ്ഞകൊല്ലം സാധാരണ കെട്ടിവരാറുള്ള ചിറ കെട്ടുന്നതിന് കാലതാമസം നേരിട്ടതുകൊണ്ട് മുണ്ടകൻ പുഞ്ചകൃഷിക്ക് നാശംവന്നിട്ടുള്ളതായി ഗവണ്മെണ്ടിനു നിവേദനം കിട്ടിയതായി ഓർക്കുന്നുണ്ടോ ;

(ബി) ഇക്കൊല്ലം പ്രസ്തുത ചിറ കാലേകൂട്ടി കെട്ടിക്കുവാൻ ഗവണ്മെണ്ടിനു ഉദ്ദേശമുണ്ടാകുമോ ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ :

(എ) ഉണ്ട്.

(ബി) ഇക്കൊല്ലം ചിറ തക്കസമയത്തു കെട്ടിക്കുന്നതിനു വേണ്ട നിർദ്ദേശം ചീഫ് എൻജിനീയർക്കു നൽകിയിട്ടുണ്ട്.

കേളിത്തോട്

൨൦൭. (൨൨) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വർക്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മുകുന്ദപുരം താലൂക്കിലെ കേളിത്തോട് താഴ്ത്തി കൃഷിക്കുപയുക്തമാക്കണമെന്ന ജനങ്ങൾ അപേക്ഷിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി ;

(സി) ആമ്പല്ലൂർ, തൃക്കൂർ, തുറവു് എന്നീ വില്ലേജുകളിലായി കേളിത്തോടിനു ഇരുപുറവും കിടക്കുന്ന നിലങ്ങളിൽ രണ്ടാംപൂവിനു വെള്ളംകിട്ടാതെ കൃഷി പതിവായി നശിച്ചുപോകുന്ന വസ്തുത ഗവണ്മെണ്ടിനു അറിയാമോ ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ :

(എ) ഉവ്വ്.

(ബി) തോട് താഴ്ത്തുന്നതിനും അതിൽ ഒരു സ്ലൂയ്സ് പണിയുന്നതിനും ചീഫ് എൻജിനീയർക്ക് ഉത്തരവു നൽകിയിട്ടുണ്ട്. മീനം മുതൽ പണികൾ നടത്തുന്നതാണെന്നും ചീഫ് എൻജിനീയർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉവ്വ്.

DAMODARAN CASE

208. [31] **Sri C. V. Iyyu :** Will the Hon'ble Chief Minister be pleased to state.—

(*a*) whether any special Magistrate or Tribunal is going to be appointed in the case known as Damodaran case pending now in the Special First Class Magistrate Court, Ernakulam.

(*b*) if so, when?

The Hon'ble Sri. T. K. Narayana Pillai :

(*a*) Yes.

(*b*) Very soon.

Questions posted for answer on 13th January 1950

തൊഴിലില്ലാതാകുന്ന തുറമുഖ തൊഴിലാളികൾ

൨൦൯. (൨൫) സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly